# 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1695** **31-08-2022 - ൽ മറുപടിയ്ക്ക്**

## കോടഞ്ചേരി ഗവൺമെന്റ് കോളേജിലെ കിഫ്ബി പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോടഞ്ചേരി ഗവൺമെന്റ് കോളേജിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കോടഞ്ചേരി ഗവൺമെന്റ് കോളേജിൽ കിഫ്ബി ധനസഹായത്തോട്ടുകൂടി 10.83 കോടി രൂപയുടെ അടിസ്ഥാന വികസന പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ 2112 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള അക്കാഡമിക് ബ്ലോക്ക്, 512.90 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള സ്റ്റാഫ് ക്വാർട്ടേഴ്സ്, 136.87 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പ്രിൻസിപ്പൽ ക്വാർട്ടേഴ്സ് നിലവിലുള്ള ലൈബ്രറിയുടെ നവീകരണം എന്നിവ ഉൾപ്പെടുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതിക്ക് 10.83 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. 19-06-2019-ലെ സ.ഉ (കൈ) നം.173/2019/ ഉ.വി.വ, 30-08-2019-ലെ സ.ഉ (കൈ) നം.304/2019/ഉ.വി.വ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം പ്രസ്തുത പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (DPR) സമർപ്പിച്ച് കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കുന്നതുവരെയുള്ള പ്രവർത്തനങ്ങൾക്ക് കിറ്റ്കോ-യെയും തുടർന്നുള്ള പദ്ധതി നിർവ്വഹണത്തിനുള്ള ഏജൻസിയായി (SPV) കേരള സ്റ്റേറ്റ് ഐ.റ്റി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KSITIL) -നെയും ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. |
| (സി) | ടി പദ്ധതിക്ക് കിഫ്ബി അംഗീകാരം ലഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (സി) | പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ കിറ്റ്കോ വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുകയും കിഫ്ബി ആയത് പരിശോധിക്കുകയും സാങ്കേതിക അവലോകന റിപ്പോർട്ട് തയ്യാറാക്കി SPV യുടെ അഭിപ്രായത്തിനായി നൽകുകയും ചെയ്തിട്ടുണ്ട്. ഡി.എസ്.ആർ 2018, GRIHA 3 star standards എന്നിവ പ്രകാരമുള്ള പുതുക്കിയ ഡി.പി.ആർ |

| | | | |
|---|---|---|---|
| | | | കിഫ്ബിയിൽ ലഭ്യമാകുന്നതിനുള്ള നടപടികൾ കിറ്റ്കോ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ